ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 30.03.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത രത്ന ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും.

Bharat Ratna, the country's highest civilian award, will be conferred by President Draupadi Murmu today.

2) ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

The deadline for withdrawal of nomination papers for the first phase of the Lok Sabha elections ends today.

3) 1,823 കോടി രൂപ പിഴ ഈടാക്കുന്നതിന് കോൺഗ്രസിന് ആദായനികുതി വകുപ്പിന്റെ നോട്ടീസ്.

Income Tax Department notice to Congress to collect penalty of Rs 1,823 crore

4) കടൽക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലും അതിലെ പാകിസ്ഥാൻ ജീവനക്കാരെയും മോചിപ്പിച്ച് ഇന്ത്യൻ നാവികസേന.

Indian Navy frees Iranian fishing boat and its Pakistani crew from pirates.

5) ഹമാസുമായി വെടിനിർത്തൽ ചർച്ച നടത്താൻ ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിന്റെ അനുമതി.

Israeli Prime Minister Benjamin Netanyahu's permission to hold ceasefire talks with Hamas.

6) ഐ.പി.എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

Kolkata Knight Riders defeated Royal Challengers Bangalore by seven wickets in IPL cricket.

*********************************************

## PREZ – BHARAT RATNA

രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത രത്ന ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. മുൻ പ്രധാനമന്ത്രിമാരായ ചൗധരി ചരൺസിംഗ്, പി.വി നരസിംഹറാവു, ബിഹാർ മുൻ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ, ശാസ്ത്രജ്ഞൻ എം.എസ് സ്വാമിനാഥൻ എന്നിവർക്കാണ് മരണാനന്തര ബഹുമതിയായി ഭാരതരത്ന സമ്മാനിക്കുന്നത്. മുൻ ഉപപ്രധാനമന്ത്രി ബിജെപി നേതാവ് എൽ.കെ അദ്വാനിക്കും ഭാരത് രത്ന സമ്മാനിക്കും. രാഷ്ട്രപതി ഭവനിലാണ് ചടങ്ങ്.

*********************************************

## WITHDRAWAL OF CANDIDATURE

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഇതിനു ശേഷം അന്തിമ സ്ഥാനാർഥിപട്ടിക പ്രസിദ്ധീകരിക്കും. 17 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ സീറ്റുകളിലേക്കാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും ഏപ്രിൽ 19ന് വോട്ടെടുപ്പ് നടക്കും. ബിഹാറിൽ അടുത്ത മാസം 2-നാണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. ഇന്ന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടക്കും. വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 89 ലോക്സഭാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട വിജ്ഞാപനം തെരഞ്ഞെടുപ്പ് കമീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

*********************************************

## CONGRESS LIST

ലോക് സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന അഞ്ച് സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസ് ഇന്നലെ പുറത്തിറക്കി. രാജസ്ഥാനിലെ ദിൽവാരയിൽ നിന്ന് സിപി ജോഷിയും രാജ് സമന്ദിൽ നിന്ന് ദാമോദർ ഗുർജാറും മത്സരിക്കും.

*******************************************

## THE TELUGU DESAM PARTY

ആന്ധ്രാപ്രദേശിൽ നിയമസഭാ, ലോക്സഭാ തിരഞ്ഞെടുപ്പുകൾക്കുള്ള തെലുങ്കുദേശം പാർട്ടിയുടെ അന്തിമ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. ഒമ്പത് നിയമസഭാ സീറ്റുകളിലേക്കും നാല് ലോക്സഭാ സീറ്റുകളിലേക്കുമുള്ള സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്. നേരത്തെ, 13 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിരുന്നു.

*******************************************

## KERALA ELECTION

കേരളത്തിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. സ്ഥാനാർത്ഥികളും വിവിധ രാഷ്ട്രീയ കക്ഷികളും പ്രചാരണം സജീവമാക്കിയിട്ടുണ്ട്.

*******************************************

## JAISHANKAR UKRAINE FM – (INTRO)

വിദേശകാര്യമന്ത്രി എസ് ജയ് ശങ്കറും യുക്രേനിയൻ വിദേശകാര്യമന്ത്രി ദിമിത്രോ കുലേബയും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. റഷ്യൻ-യുക്രെയ്ൻ സംഘർഷത്തെക്കുറിച്ചും അതിൻറെ പ്രത്യാഘാതങ്ങളെക്കുറിച്ചും കൂടിക്കാഴ്ചയിൽ ചർച്ച നടന്നു. ദിമിത്രോ കുലേബയുടെ സന്ദർശനം യുക്രെയ്നിലെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ അവസരമൊരുക്കിയെന്ന് ശ്രീ ജയശങ്കർ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

വിശദാംശങ്ങളിലേക്ക്...

**(VOICE......)**

വ്യാപാരം, സാമ്പത്തികം, ശാസ്ത്രം, സാങ്കേതികം, വ്യാവസായിക-സാംസ്കാരിക സഹകരണം തുടങ്ങി, ഇന്ത്യ-ഉക്രെയ്ൻ അന്തർ സർക്കാർ കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇരു മന്ത്രിമാരും പ്രത്യേകം ചർച്ച നടത്തി. ഏഴാമത് അന്തർ സർക്കാർ കമ്മിറ്റി യോഗം ഈ വർഷവസാനത്തോടെ നടത്താനും കൂടിക്കാഴ്ചയിൽ തീരുമാനിച്ചു. പരസ്പര താൽപ്പര്യമുള്ള ആഗോള, പ്രാദേശിക വിഷയങ്ങളിൽ യുക്രേനിയൻ വിദേശകാര്യമന്ത്രി അഭിപ്രായം രേഖപ്പെടുത്തിയതായും ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ അദ്ദേഹം പ്രശംസിച്ചതായും ശ്രീ ജയശങ്കർ പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി യുക്രെൻ വിദേശകാര്യ മന്ത്രി വ്യാഴാഴ്ചയാണ് ഇന്ത്യയിലെത്തിയത്.
ന്യൂസ് ഡെസ്ക്, ആകാശവാണി.....
**********************************************

## INCOME TAX - CONGRESS

1,823 കോടി രൂപ പിഴ ഈടാക്കുന്നതിന് കോൺഗ്രസിന് ആദായനികുതി വകുപ്പ് നോട്ടീസ് അയച്ചു. നിരവധി വർഷങ്ങളിലെ കുടിശ്ശികയാണിതെന്ന് ആദായനികുതി വകുപ്പ് അധികൃതർ അറിയിച്ചു. എന്നാൽ പ്രധാന പ്രതിപക്ഷ പാർട്ടിയെ ദ്രോഹിക്കാൻ ആദായനികുതി വകുപ്പിനെ ആയുധമാക്കുക യാണെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെ പ്രതികരിച്ചു. പാർട്ടി അക്കൗണ്ടിൽ നിന്ന് ഇതിനകം 135 കോടി രൂപ ആദായനികുതി വകുപ്പ് ഇടാക്കിയിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. എന്നാൽ കോൺഗ്രസ് നികുതി വിഷയത്തിൽ

നടപടികൾ പാലിച്ചിട്ടില്ലെന്ന് ബിജെപി വക്താവ് സയദ് സഫർ ഇസ്ലാം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.
*******************************************

## INDIAN NAVY

കടൽക്കൊള്ളക്കാരിൽ നിന്ന് ഇറാനിയൻ മത്സ്യബന്ധന കപ്പലിനെയും അതിലെ 23 പാകിസ്ഥാൻ ജീവനക്കാരേയും ഇന്ത്യൻ നാവികസേന മോചിപ്പിച്ചു. സമുദ്ര സുരക്ഷയ്ക്കായി അറബിക്കടലിൽ വിന്യസിച്ച INS സുമേധ, INS ത്രിശൂൽ എന്നീ പടക്കപ്പലുകളാണ് ദൗത്യത്തിൽ ഏർപ്പെട്ടത്. ഇറാനിൽ നിന്നുള്ള അൽകംബർ 786 എന്ന മീൻപിടുത്ത കപ്പൽ കടൽകൊള്ളക്കാർ പിടിച്ചെടുത്തെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നാവികസേന ദൗത്യത്തിനായി പുറപ്പെടുകയായിരുന്നു. അറബിക്കടലിൽ നിരീക്ഷണം നടത്തുകയായിരുന്ന കപ്പലുകളാണ് പുറപ്പെട്ടത്.
*******************************************

## V P JUDICIAL SYSTEM

ശക്തമായ ജുഡീഷ്യൽ സംവിധാനമുള്ള ജനാധിപത്യ രാജ്യമാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ഒരു ഗ്രൂപ്പിനും വ്യക്തിക്കും ഇതിൽ വിട്ടുവീഴ്ച ചെയ്യാനാകില്ലെന്ന് അദ്ദേഹം പറഞ്ഞു. നിയമനിർവ്വഹണത്തിൽ ആരിൽ നിന്നും രാജ്യത്തിന് പഠിക്കേണ്ടതില്ല. ന്യൂഡൽഹിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 70-ാമത് സ്ഥാപകദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണ്. സ്വതന്ത്രവും ജനാധിമുഖ്യമുള്ളതുമായ നിയമമാണ് രാജ്യത്തേതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.
*******************************************

## PM BILLGATES

മതിയായ പരിശീലനം നൽകിയ ശേഷമേ ആൾക്കാർക്ക് എ.ഐ സാങ്കേതിക വിദ്യ, നിർമ്മിത ബുദ്ധി എന്നിവ നൽകാവൂ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നല്ല കാര്യങ്ങളായാലും അത് മതിയായ പരിശീലനമില്ലാതെ നൽകിയാൽ ദുരുപയോഗം ചെയ്യപ്പെടുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സുമായി സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ഡീപ് ഫേക്കിന്റെ അപകട സാധ്യതകളും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ സാങ്കേതിക വിദ്യാ മുന്നേറ്റത്തെ ബിൽ ഗേറ്റ്സ് അഭിനന്ദിച്ചു. ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യം ആവശ്യമാണെന്നും സർക്കാർ എല്ലാ ഗ്രാമങ്ങളിലേക്കും ഇത് എത്തിക്കുന്നുണ്ടെന്നും ശ്രീ. നരേന്ദ്രമോദി പറഞ്ഞു.

**************************************************

## extension of AFSPA

അസമിൽ നാല് ജില്ലകളിൽ സായുധ സേന പ്രത്യേക അധികാര നിയമം ഏപ്രിൽ 1 മുതൽ ആറ് മാസത്തേക്ക് നീട്ടി സംസ്ഥാന സർക്കാർ ഉത്തരവിറിക്കി. തിൻസുകിയ, ദിബ്രുഗഡ്, ചരൈദിയോ, ശിവസാഗർ ജില്ലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് ഇത് ബാധകമാവുകയെന്ന് ആഭ്യന്തര, രാഷ്ട്രീയ വകുപ്പ് അറിയിച്ചു.

**************************************************

## CBI - ED

ഈ വർഷം ജനുവരി അഞ്ചിന് പശ്ചിമബംഗാളിലെ സന്ദേശ് ഗലിയിൽ ഇ.ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ 13 പേർക്ക് സിബിഐ നോട്ടീസ് അയച്ചു. തൃണമൂൽ കോൺഗ്രസ് നേതാവ് ഷെയ്ഖ് ഷാജഹാനെ കേസിൽ നേരത്തേ സിബിഐ അറസ്റ്റ് ചെയ്തിട്ടുണ്ട്.

*********************************************

## DANIEL BALAJI DEATH

ചലച്ചിത്ര നടൻ ഡാനിയൽ ബാലാജി അന്തരിച്ചു. 48 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു അന്ത്യം. നെഞ്ചുവേദനയെ തുടർന്ന് ചെന്നൈ കൊട്ടിവാകത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംസ്കാര ചടങ്ങുകൾ ഇന്ന് അദ്ദേഹത്തിന്റെ വസതിയിൽ നടക്കും. 1975ൽ ജനിച്ച ഡാനിയൽ ബാലാജി നിരവധി തമിഴ് ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. മലയാളം, തെലുങ്ക്, കന്നട ചലച്ചിത്രങ്ങളിലും അദ്ദേഹം അഭിനയിച്ചു.

*********************************************

## VAIKOM

രാജ്യമാകെ അയിത്തോച്ചാടന സമരങ്ങൾക്ക് മാർഗദീപം കൊളുത്തിയ വൈക്കം സത്യാഗ്രഹം ആരംഭിച്ചിട്ട് ഇന്ന് നൂറ് വർഷം തികയുന്നു. വൈക്കം മഹാദേവ ക്ഷേത്രത്തിന് സമീപത്തെ പൊതുവഴിയിലൂടെ എല്ലാ മനുഷ്യർക്കും സഞ്ചരിക്കാനുള്ള അവകാശത്തിന് വേണ്ടി നടന്ന സത്യാഗ്രഹം 603 ദിവസമാണ് നീണ്ടത്. 1924 മാർച്ച് 30-നാണ് സത്യാഗ്രഹം ആരംഭിച്ചത്. കിഴക്കേനട ഒഴിച്ചുള്ള എല്ലാ റോഡുകളും എല്ലാവർക്കുമായി തുറന്നുകൊടുത്ത് 1925 നവംബർ 23 നാണ് സമരം അവസാനിച്ചത്.

*********************************************

## CLIMATE

രാജ്യത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്നുമുതൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. അരുണാചൽ പ്രദേശ്, മേഘാലയ, അസം സംസ്ഥാനങ്ങളിലാണ് മഴ മുന്നറിയിപ്പ്. ജമ്മു കശ്മീർ,

ലഡാക്ക്, ഗിൽജിത്, മുസാഫറാബാദ്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്കും മഞ്ഞ് വീഴ്ചയ്ക്കും സാധ്യത.

*******************************************

## ISRAELI PM-GAZA CEASEFIRTE

ഹമാസുമായി വെടിനിർത്തൽ ചർച്ച നടത്താൻ ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു അനുമതി നൽകി. വരും ദിവസങ്ങളിൽ ഖത്തറിലും ഈജിപ്തിലും നടക്കുന്ന വെടിനിർത്തൽ ചർച്ചകളിൽ പങ്കെടുക്കാൻ ഇസ്രായേൽ പ്രതിനിധികളെ അധികാരപ്പെടുത്തിയതായും നെതന്യാഹു പറഞ്ഞു. ഇസ്രായേലി ബന്ദികളെ മോചിപ്പിക്കുന്നതിന് പകരമായി ഗാസയിലെ സൈനിക ആക്രമണം താൽക്കാലികമായി നിർത്തും. യുദ്ധം ആറുമാസത്തോടടുക്കുമ്പോൾ, വെടിനിർത്തൽ ചർച്ചക്ക് മധ്യസ്ഥത വഹിക്കാൻ അമേരിക്കയും ഖത്തറും ഈജിപ്തും ശ്രമിച്ചുവരികയാണ്. ആഴ്ചകൾക്കുള്ളിൽ ഗാസയെ പട്ടിണി ബാധിക്കുമെന്ന മുന്നറിയിപ്പിനിടെ, ക്ഷാമം ഒഴിവാക്കാൻ ഗാസയിലേക്ക് തടസ്സമില്ലാത്ത സഹായം എത്തിക്കാൻ അന്താരാഷ്ട്ര നീതിന്യായ കോടതി ഉത്തരവിട്ടു.

ഇസ്രായേൽ ആക്രമണം ആരംഭിച്ചതിന് ശേഷം 32,623 പലസ്തീൻകാർ കൊല്ലപ്പെടുകയും 75,092 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഗാസയിലെ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

*******************************************

## ISRAELI AIR STRIKE

സിറിയയിലെ അലപ്പോ പ്രവിശ്യയിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 36 സിറിയൻ സൈനികർ ഉൾപ്പെടെ 40 പേർ കൊല്ലപ്പെട്ടു. 24 മണിക്കൂറിനിടെ രണ്ടാമത്തെ ആക്രമണമാണിത്. ലെബനനിലെ ഹിസ്ബുള്ളയുടെ റോക്കറ്റ്

ഡിപ്പോയെ ലക്ഷ്യമിട്ടാണ് ഇസ്രായേൽ വ്യോമാക്രമണം നടത്തിയതെന്നാണ് റിപ്പോർട്ട്.

*******************************************

## SENEGAL-PREZ POLL RESULT

സെനഗൽ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ സ്ഥാനാർത്ഥി ബാസിറോ ഡിയോമയെ ഫേയുടെ വിജയം ഭരണഘടനാ സമിതി സ്ഥിരീകരിച്ചു. മാർച്ച് 24-ന് നടന്ന തെരഞ്ഞെടുപ്പിൽ 54.28 ശതമാനം വോട്ടുകളാണ് ഡിയോമയെ ഫേ നേടിയത്. ഭരണപക്ഷ സ്ഥാനാർത്ഥിയും മുൻ പ്രധാനമന്ത്രിയുമായിരുന്ന അമദൗ ബാ 35.79 ശതമാനം വോട്ടുകൾ നേടി. ഏപ്രിൽ രണ്ടിന് ഡിയോമയെ ഫേ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.

*******************************************

## IPL CRICKET

ഐ.പി.എല്ലിൽ ഇന്നലെ ബംഗളുരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ബാംഗ്ലൂർ ആറ് വിക്കറ്റ് നഷ്ടത്തിൽ 182 റൺസ് നേടി.

*******************************************

## BADMINTON - MADRID OPEN

സ്പെയിനിലെ മാഡ്രിഡ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ എൻ സിക്കി റെഡ്ഡി- ബി സുമീസ് റെഡ്ഡി സഖ്യം മിക്സഡ് ഡബിൾസ് സെമിയിൽ കടന്നു. ഇന്തോനേഷ്യയുടെ ലിസ അയു കുസുമാവതി - റെഹാൻ കുഷർജാൻതോ സഖ്യത്തെ 21-14, 11-21, 17- 21 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്.

*******************************************

*******************************

*******************